# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 792** **5.06.2018 -ൽ മറുപടിയ്ക്ക്**

**ആക്കുളം ടൂറിസ്റ്റ് വില്ലേജിലെ വികസന പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ : | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | ആക്കുളം ടൂറിസ്റ്റ് വില്ലേജിന്റെ നിലവിലെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ആക്കുളം ടൂറിസ്റ്റ് വില്ലേജിന്റെ സൗന്ദര്യവത്കരണത്തിന്റെ ഭാഗമായുള്ള നവീകരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| ബി) | ആക്കുളം ടൂറിസ്റ്റ് വില്ലേജിൽ 2016 -ൽ 4.92 കോടി രൂപയുടെ വികസന പദ്ധതികൾക്ക് ഭരണാനുമതി നൽകിയിരുന്നോ; പ്രസ്തുത തുക വിനിയോഗിച്ച് ആക്കുളത്ത് നടപ്പിലാക്കിയ വികസന പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | ബി) | 2016 ൽ 4.93 കോടിയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൻപ്രാകരം പാർക്കിംഗ് & ചുറ്റമതിൽ നിർമ്മാണം ഓഫീസ് ബിൽഡിംഗിന്റെ നിർമ്മാണം , മ്യൂസിക്കൽ ഫൗണ്ടൻ ബിൽഡിംഗിന്റെ മേൽക്കൂരയുടെ നവീകരണം,കുളത്തിന്റെ നവീകരണം, ഹിൽടോപ്പിലേക്കുള്ള പടവുകളുടേയും കൈവരികളുടേയും നിർമ്മാണം,യോഗ ബിൽഡിംഗിന്റെ നവീകരണം,റസ്റ്റോറന്റ് കെട്ടിടത്തിന്റെ നവീകരണം , കളി ഉപകരണങ്ങൾ സ്ഥാപിക്കൽ, ലാൻഡ് സ്കേപ്പിംഗ് എന്നീ പ്രവർത്തികൾ നടന്നു വരുന്നു. |
| സി) | ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ ആക്കുളത്തിനായി ആവിഷ്കരിച്ച പദ്ധതികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ? | സി) | ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ ആക്കുളത്ത് പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. ടൂറിസം വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള നിലവിലെ പദ്ധതി പ്രകാരം പുതിയ കളിക്കോപ്പുകൾ സ്ഥാപിച്ചു വരുന്നു. റസ്റ്റോറന്റ് കെട്ടിട നവീകരണം, ടൂറിസ്റ്റ് വില്ലേജിന്റെ ചുറ്റമതിൽ നിർമ്മാണം ചിൽഡ്രൻസ് പാർക്കിന് സമീപമുള്ള കുളത്തിന്റെ നവീകരണം, ആക്കുളം ടൂറിസ്റ്റ് വില്ലേജിന്റെ മുന്നിലൂടെ കടന്നു പോകുന്ന റോഡിലും, കായലിനോട് ചേർന്നുള്ള നടപ്പാതയിലും മിനി ഹൈമാസ്റ്റ് ലൈറ്റുകൾ ഉൾപ്പെടുത്തിയുള്ള പ്രാകാശ സംവിധാനം എന്നിവ സ്ഥാപിക്കുന്ന പണികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ